(എച്ച്) സംസ്ഥാനത്തെത്തുന്ന മുഴുവൻ കാലിത്തീറ്റയുടെയും ഗുണനിലവാരം പരിശോധിക്കുകയും, ദോഷമുള്ളവ സംസ്ഥാനത്തേക്ക് കടത്താതിരിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ ഉൾപ്പെടെ 2000 മെട്രിക് ടൺ കാലിത്തീറ്റ പ്രതിദിനം ഉല്പാദിപ്പിക്കുന്നു.

(ബി) ഏകദേശം 5500 മെട്രിക് ടൺ കാലിത്തീറ്റ പ്രതിദിനം ആവശ്യമുണ്ട്.

(സി) അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുമാണ് ബാക്കി കാലിത്തീറ്റ എത്തിച്ചേരുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇല്ല.

(എഫ്) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ മിൽമ, കേരള ഫീഡ്സ് എന്നിവയുടെ പ്രതിദിന ഉല്പാദനശേഷി 500 മെട്രിക് ടൺ ആണ്. ഇവയുടെ പ്രതിദിന ഉല്പാദനശേഷി 600, 650 മെട്രിക് ടൺ ആയി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, വയനാട്ടിൽ 300 മെട്രിക് ടൺ സ്ഥാപിത ശേഷിയുള്ള പുതിയ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് മിൽമയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാമെന്ന് എൻ.ഡി.ഡി.ബി. അധികൃതരുമായി നടത്തിയ മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ട്.

(ജി) കേരള കാർഷിക സർവ്വകലാശാല മിൽമ, കേരള ഫീഡ്സ് എന്നിവിടങ്ങളിൽ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. കൂടാതെ, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബ് തിരുവല്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

(എച്ച്) സംസ്ഥാനത്തെ മുഴുവൻ കാലിത്തീറ്റയും പരിശോധിക്കുവാൻ ഇന്നുള്ള സംവിധാനം പര്യാപ്തമല്ല. ഏതെങ്കിലും സ്ഥാപനം വിൽക്കുന്ന കാലിത്തീറ്റ ഗുണനിലവാരമുള്ളതല്ല എന്നു പരാതിയുണ്ടായാൽ ആ തീറ്റയുടെ ഗുണനിലവാരം പരിശോധിക്കാവുന്നതാണ്. തീറ്റ ഗുണനിലവാരമില്ലാത്തതാണെന്നു കണ്ടാൽ അതു സംസ്ഥാനത്തേക്ക് കടത്താതിരിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം ആവശ്യമാണ്.

ഹാനികരമായ കീടനാശിനികൾ

105 [2860] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങളിൽ ഉപയോഗിക്കാൻ സർക്കാർ അനുവദിച്ച കീടനാശിനികൾ ഏതെല്ലാമാണെന്നതിന്റെ പേരുവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കീടനാശിനികളിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കീടനാശിനികളിൽ മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ആരോഗ്യത്തിന് ഹാനികരമായവ ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) അനുബന്ധം 'എ'യിൽ ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം 'ബി'യിൽ ചേർത്തിട്ടുണ്ട്.†

(സി) എല്ലാ രാസ കീടനാശിനികളും മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും ആരോഗ്യത്തിന് ഹാനികരമാണ്.

കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

106 [2861] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
„ *പി. എസ്. സുപാൽ:*
„ *എം. കുമാരൻ:*
„ *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക സർവ്വകലാശാലയ്ക്ക് സർക്കാർ നൽകുന്ന പ്ലാൻ, നോൺ പ്ലാൻ വിഹിതം കുറഞ്ഞുവരുന്നതുമൂലമുണ്ടാകുന്ന ഭരണപരമായ പ്രതിസന്ധി പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കാർഷിക സർവ്വകലാശാലയിലെ 2001 മുതൽ കഴിഞ്ഞ നാലുവർഷമായി പ്ലാൻ-നോൺ പ്ലാൻ വിഭാഗത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംഖ്യ എത്ര; ഓരോ വർഷവും അനുവദിച്ച സംഖ്യ എത്ര;

(ഡി) കാർഷിക സർവ്വകലാശാലയ്ക്ക് ഐ.സി.എ.ആർ. തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽനിന്നും മറ്റു സ്ഥാപനങ്ങളിൽനിന്നുമായി ഗവേഷണ പ്രവർത്തനങ്ങൾക്ക് ലഭിച്ചുവരുന്ന സഹായം കുറഞ്ഞുവന്നിട്ടുള്ളത് എന്തുകൊണ്ടാണ്;

(ഇ) ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly